(ബി) മലപ്പുറം ജില്ലയിൽ വാഴക്കാട്, നിലമ്പൂർ, ഹാജിയാർപ്പള്ളി, കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നിങ്ങനെ അഞ്ച് ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഇ.എസ്.ഐ. പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്.

(സി) പെരിന്തൽമണ്ണ, മഞ്ചേരി പ്രദേശങ്ങളിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കുന്നതിനായി പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ആർ. എസ്. ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

242 (4528) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. (രാഷ്ട്രീയ സ്വാസ്യ ബീമാ യോജന)ചികിത്സാ പദ്ധതിയിൽ 2011-12-വർഷത്തിൽ എത്ര ആശുപത്രികൾ ഉൾപ്പെട്ടിരുന്നു; 2014-15 വർഷത്തിൽ എത്ര ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ഈ പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾക്കും മെഡിക്കൽ സ്റ്റോറുകൾക്കുമായി എത്ര രൂപയാണ് കൊടുക്കുവാൻ ബാക്കിയുള്ളത് ; കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയിൽ 2011-12 വർഷത്തിൽ 316 ആശുപത്രികൾ ഉൾപ്പെട്ടിരുന്നു. 2014-15 വർഷത്തിൽ ഇത് 334 ആശുപത്രികളായിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾക്ക് 2014-15 നവംബർ 31 വരെയുള്ള കണക്കുപ്രകാരം 18.96 കോടി രൂപ നൽകുവാൻ ബാക്കിയുണ്ട്. മെഡിക്കൽ സ്റ്റോറുകളെ ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടുതൽ ആശുപത്രികളെ പദ്ധതിയുടെകീഴിൽ കൊണ്ടുവരുന്നതിനായി നടപടികൾ തുടർന്നുവരികയാണ്.

ഇ.പി.എഫ്. പെൻഷൻകാർ നേരിടുന്ന പ്രയാസങ്ങൾ

243 (4529) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.പി.എഫ്. പെൻഷൻകാർ നേരിടുന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ഇ .പി.എഫ്. പെൻഷൻകാർക്ക് ഇ. എസ്. ഐ. പദ്ധതി പ്രകാരം സൗജന്യ ചികിത്സയും മരുന്നും നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.പി.എഫ്. കേന്ദ്ര നിയമമായതിനാൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. ഇ.പി.എഫ്. മിനിമം പെൻഷൻ 1000 രൂപയായി കേന്ദ്രസർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. (1-9-2014 മുതൽ പ്രാബല്യം)

(ബി) ബാധകമല്ല.

ഇ.എസ്.ഐ. പദ്ധതി പരിഷ്കരണം

244 (4530) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി (ഇ.എസ്.ഐ.) പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സംരക്ഷിച്ച് തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുംവിധം പരിഷ്കരണങ്ങൾ നടപ്പാക്കുമോ;

(സി) ഇ.എസ്.ഐ. ആനുകൂല്യമുള്ള ഒരു രോഗിക്ക് ചികിത്സയ്ക്ക് ചെലവഴിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അത് ഒഴിവാക്കുന്നതിനും നിലവിലുള്ള സ്ഥിതി തുടരുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1948-ൽ നിലവിൽ വന്ന ഇ.എസ്.ഐ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇ.എസ്.ഐ. പദ്ധതി നടപ്പാക്കിവരുന്നത്, ആയതിനാൽ ഇ.എസ്.ഐ. പദ്ധതിയിൽ പരിഷ്കരണങ്ങൾ വരുത്തുന്നതിന് ഇ.എസ്.ഐ. ആക്ട് ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതുസംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) ഇ.എസ്.ഐ. ആനുകൂല്യമുള്ള ഒരു രോഗിക്ക് ചികിത്സയ്ക്ക് അനുവദിക്കുന്ന തുകയ്ക്ക് പരിധിയുണ്ട്. സി.ജി.എച്ച്.എസ്. പാക്കേജ് നിരക്കിൽ ഉൾപ്പെടുന്ന ചികിത്സകൾക്ക് ടി പാക്കേജ് നിരക്കും പാക്കേജ് നിരക്കിൽ ഉൾപ്പെടാത്തവയ്ക്ക് ഒരു ഐ.പി.-ക്ക് പ്രതിവർഷം 10,00,00/-(പത്ത് ലക്ഷം) രൂപ എന്നും പരിധി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly